## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം — 11.07.2014 -ൽ മറുപടിക്ക്

നമ്പർ : 7127

### സമയബന്ധിതമായി പട്ടയം നൽകുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

(എ) തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, വെങ്ങാനൂർ, കല്ലിയൂർ, കോട്ടുകാൽ, കരുംകുളം, കാഞ്ഞിരംകുളം, തിരുപുറം എന്നീ വില്ലേജുകളിൽ നിന്നായി പട്ടയത്തിനു വേണ്ടിയുള്ള എത്ര അപേക്ഷകൾ റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലുണ്ടെന്ന് വിശദമാക്കുമോ;

(എ) തിരുവനന്തപുരം ജില്ലയിൽ താഴെ പ്പറയുന്ന വില്ലേജുകളിൽ പട്ടയത്തിനു വേണ്ടി ലഭിച്ചിട്ടുള്ള അപേക്ഷയുടെ കണക്ക് താഴെ കൊടുക്കുന്നു:-

| | |
|---|---|
| വിഴിഞ്ഞം | 566 |
| വെങ്ങാനൂർ | 27 |
| കല്ലിയൂർ | 17 |
| കോട്ടുകാൽ | 45 |
| കരുംകുളം | 1414 |
| തിരുപുറം | 40 |
| കാഞ്ഞിരംകുളം | 0 |

(ബി) മത്സ്യത്തൊഴിലാളികൾ അടക്കമുള്ള ഈ അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) & (സി) പ്രസ്തുത അപേക്ഷകളിൽ കേരള ഭൂമി പതിവ് ചട്ട പ്രകാരം പരിശോധിച്ച്. അപേക്ഷകളിന്മേൽ സർവേ നടത്തേണ്ടതും, സർവേ നടത്തുന്ന ഭൂമികളിൽ സർവേ റിക്കാർഡുകൾ തയ്യാറാക്കേണ്ടതുണ്ട്. കൂടാതെ ഫിഷറീസ്, തുറമുഖം, ടൂറിസം വകുപ്പുകളുടേയും അനുമതിയും ആവശ്യമാണ്. തഹസിൽദാരുടേയും, ജില്ലാകളക്ടറുടേയും ലാന്റ് റവന്യൂ കമ്മീഷണറുടേയും ശുപാർശകളോടെ പ്രസ്തുത അപേക്ഷകൾ സർക്കാരിൽ എത്തുമ്പോൾ, 1964-ലെ കേരള ഭൂമി പതിവ് ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രത്യേക ഉത്തരവിന്റെ അടിസ്ഥാന ത്തിലാണ് പട്ടയം നൽകുന്നത്.

സെക്ഷൻ ഓഫീസർ